P1 R 17/9/26

DCTVM/8437/2026-A9 (3)

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കുടപ്പനക്കുന്ന്, തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം: 0471 -2731166
ഇ-മെയിൽ : dctvm.ker@nic.in
തീയതി : 10-09-2026

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- വിഷയം:- ന്യൂനപക്ഷക്ഷേമം - ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27) മുന്നൊരുക്കങ്ങൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. 01.07.2026 ലെ സ.ഉ. (സാധാ) നം. 3295/2026/GAD നം. സർക്കാർ ഉത്തരവ്.
2. ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.08.2026 ലെ MWD/323/2026-P1(2) നം. കത്ത്.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 11.08.2026 ലെ ഇതേ നം. കത്ത്.
4. ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.09.2026 ലെ MWD/323/2026-P1(2) നം. കത്ത്.

************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27) പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 10.09.2026 ആയി നിശ്ചയിച്ചിരുന്നു.

എന്നാൽ, ഓണാഘോഷവുമായി ബന്ധപ്പെട്ട് ഉണ്ടായ സർക്കാർ അവധികൾ മൂലം അപേക്ഷയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കേണ്ട രേഖകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം അപേക്ഷകളുടെ എണ്ണം കുറയുന്നതിനു കാരണമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, കൂടുതൽ അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **10.10.2026 വരെ** ദീർഘിപ്പിച്ചിട്ടുള്ള വിവരം സൂചന (4) അറിയിച്ചിരിക്കുന്നു. പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിൽ വരുന്ന എല്ലാ കാര്യാലയങ്ങളിലെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനു നടപടി സ്വീകരിക്കാൻ താത്പര്യപ്പെടുന്നു.

Digitally signed by
Niza A
Date: 10-09-2026
10:59:35

വിശ്വസ്തതയോടെ,

DEPUTY COLLECTOR(GENERAL) & ADDITIONAL DISTRICT MAGISTRATE

ജില്ലാ കളക്ടർക്കു വേണ്ടി.

പകർപ്പ് :

സെക്രട്ടറി,

തിരുവനന്തപുരം കോർപ്പറേഷൻ/ ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റികൾക്കും/ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും.

ഡയറക്ടർ

പ്രസിദ്ധീകരണത്തിന്

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ വിവാഹബന്ധം വേർപെടുത്തിയ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി (2026-27)**

തിരുവനന്തപുരം: - മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള "ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ" ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ/വാതിലുകൾ, മേൽക്കൂര, ഫ്ലോറിംഗ്/ ഫിനിഷിംഗ്/ പ്ലംബിംഗ്/ സാനിറ്റേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000/-രൂപയാണ് ധനസഹായം. ടി തുക തിരിച്ചടയ്ക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ, അവരുടെ മക്കൾക്കോ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള / മക്കളില്ലാത്ത അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനും, മറ്റു വകുപ്പുകളിൽ നിന്നോ/സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ പുനരുദ്ധാരണത്തിനോ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനും ആവശ്യമായ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷയോടൊപ്പം ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷാ ഫാറം **www.mwdscholarship.kerala.gov.in** എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന **അവസാന തീയതി 2026 ഒക്ടോബർ 10**

Digitally signed by
DEVIDAS N
Date: 09-09-2026
18:06:39

DEVIDAS N IAS, DIR DMW ., O/O DIR DMW